**നമ്പർ QIP(2)23000/16**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
തിരുവനന്തപുരം, തീയതി 25.04.2016

**സർക്കുലർ**

വിഷയം:- **പൊതുവിദ്യാഭ്യാസം - അദ്ധ്യാപക പരിശീലനം 2016 - ഓൺലൈൻ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:- പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ 23/4/2016 ന് എറണാകുളത്തുവച്ചുനടന്ന മീറ്റിംഗിന്റെ മിനിറ്റ്സ്.

വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനവ്യാപകമായി നടത്തുന്ന അദ്ധ്യാപക പരിശീലനത്തിന്റെ ഹാജർനില, പരിശീലന പുരോഗതി തുടങ്ങിയവ വിദ്യാഭ്യാസ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തൽസമയം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു ഓൺലൈൻ ട്രെയിനിംഗ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നു. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓൺലൈൻ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം **www.itschool.gov.in, www.education.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.
2. സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുള്ള സമ്പൂർണ്ണാ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഓരോ സ്കൂളിലേയും പരിശീലനത്തിൽ പങ്കെടുക്കേണ്ട അദ്ധ്യാപകരുടെ വിശദാംശങ്ങൾ ഈ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.
3. എൽ പി സ്കൂൾ, യു പി സ്കൂളുകളിലെ അദ്ധ്യാപകർ അവരുടെ വിവരങ്ങൾ സ്കൂളുകളിൽ നിന്നും നേരിട്ടോ അതത് BRC മുഖേനയോ രേഖപ്പെടുത്തേണ്ടതാണ്.
4. ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലെ Registration ക്ലിക്ക് ചെയ്ത് പരിശീലനത്തിൽ പങ്കെടുക്കേണ്ട അദ്ധ്യാപകന്റെ പേര്, Permanent Employee Number (PEN), തസ്തിക, വിഷയം, ഫോൺ നമ്പർ, ഇ മെയിൽ വിലാസം തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
5. വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ജില്ലാതലത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാതല അഡ്മിൻ യൂസർ നാമവും പാസ്‌വേഡും ഐ റ്റി അറ്റ് സ്കൂൾ പ്രോജക്റ്റിൽ നിന്ന് ലഭ്യമാക്കുന്നതാണ്. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ലോഗിൻ ചെയ്ത് ആ ജില്ലയിൽ അദ്ധ്യാപകപരിശീലനത്തിനായി നിശ്ചയിച്ചിട്ടുള്ള കേന്ദ്രങ്ങളെ രേഖപ്പെടുത്തേണ്ടതും ഓരോ കേന്ദ്രത്തിനും പ്രത്യേകമായ യൂസർ നാമവും പാസ്‌വേഡും

തയ്യാറാക്കി പരിശീലനം നിയന്ത്രിക്കുന്നവർക്ക് നൽകേണ്ടതാണ്.

6. ഓരോ പരിശീലന കേന്ദ്രവും ലോഗിൻ ചെയ്യുമ്പോൾ ആ കേന്ദ്രം ഏതു വിഭാഗത്തിന്റെതാണെന്നും ഏതു വിഷയത്തിന്റെതാണെന്നും ദൃശ്യമാകും. ജില്ലയിൽ നിന്ന് ആ പരിശീലനകേന്ദ്രത്തിൽ പങ്കെടുക്കേണ്ട അദ്ധ്യാപകരുടെ മുഴുവൻ ലിസ്റ്റും ദൃശ്യമാകും. അഞ്ചുദിവസത്തെ പരിശീലനം പൂർത്തിയായിക്കഴിയുമ്പോൾ പരിശിലനം തൃപ്തികരമായി പൂർത്തിയാക്കിയ അദ്ധ്യാപകുടെ പേരിനു നേരയുള്ള ടിക് ബോക്സ് അടയാളപ്പെടുത്തുകയും അവർ പരിശീലനത്തിൽ പങ്കെടുത്ത ദിവസങ്ങൾ എത്രയെന്നു രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പരിശിലനം സംബന്ധിച്ച അദ്ധ്യാപകരുടെ പൊതു അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സ്ഥലത്ത് ആയത് വ്യക്തമായി ഉൾപ്പെടുത്തേണ്ടതാണ്.
7. പരിശീലനത്തിൽ പങ്കെടുത്ത അദ്ധ്യാപകരുടെ ഹാജർനില, പങ്കെടുക്കാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ ഉപജില്ല, വിദ്യാഭ്യാസ ജില്ല, ബി ആർ സി തലങ്ങളിൽ ലഭിക്കുന്നതിന് ആവശ്യമായ യൂസർ നാമവും പാസ്‌വേഡും ഐ റ്റി @ സ്കൂൾ പ്രോജക്റ്റ് ടി സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
8. ഓരോ ദിവസവും പങ്കെടുത്ത അദ്ധ്യാപകരുടെ ഹാജർ രേഖപ്പെടുത്തേണ്ട ഉത്തരവാദിത്വം അതാത് ട്രെയിനിംഗ് നടക്കുന്ന സക്കൂളിന്റെ പ്രധാനാദ്ധ്യാപകനായിരിക്കും

അദ്ധ്യാപക പരിശീലനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും ആത്മാർത്ഥമായ ശ്രമം ഉണ്ടാകണമെന്നും ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപ ജില്ല തലങ്ങളിലെ ഉദ്യോഗസ്ഥർ ഇതിനായി പ്രത്യേകം ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

M S Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,
എസ്.എസ്.എ./ആർ.എം.എസ്.എ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. @ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ. മാർക്കും